**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - തുവ്വൂർ ഗ്രാമപഞ്ചായത്ത് - 2007-08 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - പലിശ തുക ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 898/2020/തസ്വഭവ. തിരുവനന്തപുരം, തീയതി.18.5.2020**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 12/05/2019 ലെ പി എ എൻ/4559/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29.10.2019 ലെ ഡി.കെ.എസ്.എ./2250/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/11/2018 ലെ എ 1/2285/18 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്ത് 2007-08 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.19(1) പ്രകാരം എസ്.ജി.ആർ.വൈ. പ്രവൃത്തി നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് 3,05,426/- രൂപയും 12% പലിശയും ചേർത്ത് സെക്രട്ടറി ശ്രീ. മോഹൻ കുമാറിൽ നിന്ന് ഈടാക്കണമെന്ന് കാണിച്ച് ഓഡിറ്റ് വകുപ്പ് സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്രട്ടറി ശ്രീ. ടി.ആർ.മോഹൻകുമാറിൽ നിന്നും 117050103306 തീയതി 23.09.2017 രസീതുനമ്പർ പ്രകാരം 3,05,246/- രൂപ (മൂന്ന് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി ആറ് രൂപ മാത്രം) ഈടാക്കിയിട്ടുള്ളതാണ്.

**2.** ടി.ആർ.മോഹൻകുമാർ രോഗിയും നിലവിൽ സർവ്വീസിൽ നിന്ന് പിരിഞ്ഞതിനാലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിനാലും 3,05,426/- രൂപയ്ക്കുള്ള 12% പലിശ ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സൂചന(1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഓഡിറ്റ് ഡയറക്ടറും തടസ്സതുകയുടെ പലിശ ഒഴിവാക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ടി.ആർ.മോഹൻകുമാർ നിലവിൽ സർവ്വീസിൽ നിന്ന് പിരിഞ്ഞിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സതുക തിരിച്ചടച്ചിട്ടുള്ളതിനാലും നിലവിലെ രോഗാവസ്ഥയും സാമ്പത്തികാവസ്ഥയും കണക്കിലെടുത്ത് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ തുവ്വൂർ ഗ്രാമപഞ്ചായത്ത് 2007-08 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ഖണ്ഡിക

3.19(1) പ്രകാരം പുറപ്പെടുവിച്ച സർചാർജ് നോട്ടീസ് അനുസരിച്ച് ശ്രീ. ടി.ആർ.മോഹൻകുമാറിൽ നിന്നും ഈടാക്കേണ്ട 3,05,426/- (മൂന്ന് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി ആറ് രൂപ മാത്രം) രൂപയുള്ള 12% പലിശ തുക ഒഴിവാക്കി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയ്സി പോൾ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ